# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 17 തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -307)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കയറും വകുപ്പുമന്ത്രി | : 3547 മുതൽ 3673 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 3674 മുതൽ 3751 വരെ |
| ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി | : 3752 മുതൽ 3822 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 3823 മുതൽ 3853 വരെ |

### എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗം

3547 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പകർച്ച വ്യാധി പടർന്നു പിടിച്ച സ്ഥലങ്ങളിൽ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുവാൻ എന്തു നടപടിയാണ് കൈക്കൊണ്ടത് ;

(സി) ഫണ്ട് വിനിയോഗം പൂർണ്ണമല്ലെന്നു കണ്ട ജില്ലകളിൽ ഇതു പൂർണ്ണമായി നടപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഹാര്‍ട്ട് ഫൗണ്ടേഷന്റെ പ്രവര്‍ത്തനം</u>

3548 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹൃദ്രോഗങ്ങള്‍ വര്‍ദ്ധിച്ച് വരുന്ന സാഹചര്യത്തില്‍ കേരള ഹാര്‍ട്ട് ഫൗണ്ടേഷന്റെ പ്രവര്‍ത്തനം ശക്തിപ്പെടുത്തേണ്ട ആവശ്യകത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫൗണ്ടേഷന് സര്‍ക്കാര്‍ നല്‍കിയ സഹായങ്ങള്‍ വര്‍ഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഹൃദ്രോഗം തടയുന്നതിനാവശ്യമായ മാര്‍ഗ്ഗ നിര്‍ദ്ദേശങ്ങള്‍ നല്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകള്‍ ഉപയോഗപ്പെടുത്തുമോ;

(ഡി) കേരള ഹാര്‍ട്ട് ഫൗണ്ടേഷന് അധുനിക ചികിത്സാ സാമഗ്രികള്‍ ലഭ്യമാക്കുമോ;

(ഇ) കേന്ദ്ര സഹായത്തോടെ അന്തര്‍ ദേശീയ നിലവാരത്തില്‍ ഒരു ഹാര്‍ട്ട് ഹോസ്പിറ്റല്‍ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണാരോഗ്യ പദ്ധതി</u>

3549 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിപ്രകാരം ഡോക്ടർമാരുൾപ്പെടെ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി ഇപ്പോൾ സ്തംഭനാവസ്ഥയിലാണോ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കേരളത്തിനനുയോജ്യമായ രീതിയിൽ എൻ.ആർ.എച്ച്.എം. പദ്ധതിയുടെ നടത്തിപ്പ്</u>

3550 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. പദ്ധതി നടത്തിപ്പ് സംസ്ഥാനത്തിനനുയോജ്യമായ നിലയിൽ മാറ്റം വരുത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) 2010-11 വർഷത്തിൽ എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര തുക ചിലവഴിച്ചു എന്നു വ്യക്തമാക്കാമോ;

(ഡി) 2010-11 വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായി ചിലവഴിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കുന്നതിന് നിലവിലെ സമ്പ്രദായം

3551 ശ്രീ. കെ. രാധാകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, രാജു എബ്രഹാം
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് മുൻവർഷങ്ങളിൽ നിലവിലുണ്ടായിരുന്ന സമ്പ്രദായം എന്തായിരുന്നുവെന്ന് പറയാമോ;

(ബി) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ഈ സാമ്പത്തിക വർഷാരംഭം മുതൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ കാലതാമസമുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങളും കാലതാമസത്തിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ;

(ഡി) ആശുപത്രികളിൽ ലോക്കൽ പർച്ചേസ് വഴി മരുന്നുകൾ വാങ്ങാൻ അനുവാദം നൽകുവാനുണ്ടായ സാഹചര്യമെന്താണ്;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം ഇന്നേവരെ ലോക്കൽ പർച്ചേസ് വഴി വാങ്ങിയ മരുന്നുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാരം</u>

3552 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരത്തെകുറിച്ച് പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇതേക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ കീഴിലുള്ള ഫാർമസികളിൽ ഏറെ നാളുകളായി ജോലി ചെയ്യുന്ന പാരാമെഡിക്കൽ സ്റ്റാഫിന്റെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജീവൻ രക്ഷാ മരുന്നുകൾ ന്യായവിലഷോപ്പുകളിലൂടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആശുപത്രികള്‍ക്കാവശ്യമായി വരുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിവരം</u>

3553 ശ്രീ. ഇ.പി. ജയരാജന്‍
,, കെ.വി. അബ്ദുള്‍ ഖാദര്‍
,, ബി. സത്യന്‍
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികള്‍ക്കാവശ്യമായി വരുന്ന മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിവരങ്ങള്‍ മുന്‍കൂട്ടി ശേഖരിക്കാറുണ്ടോ; ഇതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ബി) മരുന്നും ഉപകരണങ്ങളും ആശുപത്രികളിലെ ഡിമാന്റനുസരിച്ച് സപ്ലൈ ചെയ്യാന്‍ സാധിക്കാതെ വരുന്നുണ്ടോ; എങ്കില്‍ കാരണം വ്യക്തമാക്കാമോ;

(സി) മരുന്നുകളും മറ്റും വാങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങളില്‍ കാലതാമസം വരുന്നുണ്ടോ;

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>രോഗപ്രതിരോധ പ്രവർത്തനങ്ങൾ</u>

3554 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തരത്തിൽ പകർച്ച വ്യാധികൾ വർദ്ധിക്കുന്നതായ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് തടയാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) വിവിധ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞു കിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളുടെ തിരിച്ചുവരവിനെതിരെ നടപടി</u>

3555 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നമ്മുടെ നാട്ടിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു കരുതിയ ഡിഫ്തീരിയ ഉൾപ്പെടെയുള്ള പല മാരക രോഗങ്ങളും തിരിച്ചുവന്നു കൊണ്ടിരിക്കുന്ന ഗൗരവമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതി വിശേഷം നേരിടാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ബയോ മെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനം</u>

3556 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സിപി. മുഹമ്മദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധിരഹിത കേരളം പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ജില്ലകളിലെ പ്രധാന ആശുപത്രികളിൽ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുമോ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും ബയോമെഡിക്കൽ മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മാലിന്യ നിവാരണ തീവ്രയത്ന പരിപാടി</u>

3557

ശ്രീ. അന്‍വര്‍ സാദത്ത്
,, ഹൈബി ഈഡന്‍
,, കെ. ശിവദാസന്‍ നായര്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പകര്‍ച്ചപ്പനിയെപ്പറ്റി കേന്ദ്രസംഘം സമര്‍പ്പിച്ച റിപ്പോര്‍ട്ടിന്മേല്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പകര്‍ച്ചപ്പനിയുടെ ഉദ്ഭവം എവിടെനിന്നാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) പകര്‍ച്ചപ്പനി നിയന്ത്രിക്കുന്നതിനായി മാലിന്യ നിര്‍മ്മാര്‍ജ്ജനത്തിനുള്ള തീവ്രയത്ന പരിപാടിക്ക് രൂപം കൊടുത്തിട്ടുണ്ടോ;

(ഡി) എങ്കില്‍ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ശുചിത്വബോധവല്‍ക്കരണ പരിപാടി</u>

3558 ശ്രീ. വി. ഡി. സതീശന്‍
,, സണ്ണി ജോസഫ്
,, വര്‍ക്കല കഹാര്‍
,, കെ. അച്ചുതന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'പകര്‍ച്ചവ്യാധി രഹിത കേരളം' പദ്ധതിയുടെ ഭാഗമായി എന്തെല്ലാം ബോധവല്‍ക്കരണ പരിപാടികളാണ് ഏറ്റെടുത്തിരിക്കുന്നത്;

(ബി) വ്യക്തി പരിസര ശുചിത്വകാര്യങ്ങളില്‍ ബോധവല്‍ക്കരണം നടത്തുവാന്‍ നടപടി സ്വീകരിക്കുമോ ;

(സി) അതിന് അനുയോജ്യമായി സ്വഭാവ രൂപീകരണത്തിനുള്ള ആശയവിനിമയ പദ്ധതി നടപ്പാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പബ്ലിക് ഹെൽത്ത് സ്പെഷ്യൽ സ്ക്വാഡുകൾ</u>

3559 ശ്രീ. ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പടർന്ന് പിടിച്ചിരിക്കുന്ന സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ജില്ലകളിൽ പബ്ലിക് ഹെൽത്ത് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഒരു മെഡിക്കൽ ഓഫീസർ ഉൾപ്പെടെ പാരാമെഡിക്കൽ, പബ്ലിക് ഹെൽത്ത് ജീവനക്കാരെ ഉൾപ്പെടുത്തി സ്ക്വാഡുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലകൾ തോറും സ്ഥിരം സംവിധാനത്തോടെ പ്രസ്തുത സ്ക്വാഡുകൾ പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഇപ്രകാരം ഒരു സ്ഥിരം സ്ക്വാഡ് രൂപീകരിച്ച് പകർച്ച വ്യാധികൾ മുൻകൂട്ടി കണ്ട് നിയന്ത്രണ വിധേയമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ക്കുള്ള ഫണ്ട്</u>

3560 ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്
,, തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ക്കായി പ്രതിവര്‍ഷം ചെലവഴിക്കുന്ന തുക എത്രയാണ്;

(ബി) നടപ്പു സാമ്പത്തിക വര്‍ഷം ഈ ഇനത്തില്‍ എന്ത് തുക ചെലവഴിച്ചു;

(സി) പ്രധാനമായും ഏതെല്ലാം രോഗങ്ങള്‍ക്കാണ് പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ നടത്തിവരുന്നത്;

(ഡി) മുന്‍ വര്‍ഷങ്ങളില്‍ പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ക്കായി അനുവദിച്ച തുക ചെലവഴിക്കപ്പെടാതിരുന്നിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്കുമോ;

(ഇ) പ്രസ്തുത പ്രവര്‍ത്തനങ്ങള്‍ക്കായി വകയിരുത്തുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനും രോഗങ്ങളെ കുറിച്ച് ജനങ്ങള്‍ക്ക് അവബോധം നല്കുന്നതിനും ഉതകുന്നപ്രവര്‍ത്തനങ്ങള്‍ നടപ്പാക്കുമോ?

## കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പകർച്ചവ്യാധിരഹിത കേരളം പദ്ധതി

3561 ശ്രീ. കെ. അച്ചുതൻ
,, എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധിരഹിത കേരളം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) അതിന്റെ ഭാഗമായി തീവ്ര ശുചിത്വ യജ്ഞത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(സി) പകർച്ച വ്യാധികളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് ആരോഗ്യ സന്ദേശയാത്ര നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പകർച്ചവ്യാധിരഹിത കേരളം പദ്ധതി</u>

3562 ശ്രീ. ജോസഫ് വാഴക്കൻ
'' പാലോട് രവി
'' ഷാഫി പറമ്പിൽ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'പകർച്ചവ്യാധിരഹിത കേരളം' പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതി എത്രനാൾ കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ആശുപത്രികൾക്കും ജീവനക്കാർക്കും ആരോഗ്യ പ്രവർത്തകർക്കും പ്രോത്സാഹനമായി അവാർഡുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പകർച്ചവ്യാധി വ്യാപനം - പാരിസ്ഥിതിക പഠനം നടത്താൻ നടപടി

3563 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പകർച്ചവ്യാധികൾ പിടിപെട്ട് എത്ര ആളുകൾ മരിച്ചിട്ടുണ്ട് എന്ന് പറയാമോ; ഇപ്രകാരം മരിച്ചവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഈ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പകർച്ചവ്യാധികളെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; പകർച്ചവ്യാധികൾ നിരന്തരം ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് ഒരു പാരിസ്ഥിതിക പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആലപ്പുഴ ജില്ലയ്ക്ക് പ്രത്യേകം ഒരു ആരോഗ്യ പാക്കേജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പകർച്ചവ്യാധി സമയത്ത് മരുന്നു വില കൂട്ടി വിൽക്കുന്നത് സംബന്ധിച്ച്

3564 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലിപ്പനിയും മഞ്ഞപ്പിത്തവും വ്യാപിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട മരുന്നുകളുടെ വില കൂട്ടി വില്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എലിപ്പനിക്കും മഞ്ഞപ്പിത്തത്തിനും ഉപയോഗിക്കുന്ന 'ഡോക്സി സൈക്ലിൻ' എന്ന മരുന്ന് വിവിധ പേരുകളിൽ വൻവില വ്യത്യാസത്തിൽ വില്പന നടത്തുന്നതിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) മരുന്നുകളുടെ വില ഏകീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സെപ്തംബർ 4 ന് കമ്പനികളുടെ യോഗം വിളിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാം ; യോഗം ചേർന്നില്ലായെങ്കിൽ പ്രസ്തുത യോഗം ചേരാതിരുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഫീവർ ക്ലീനിക്കുകൾ</u>

3565 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി വ്യാപിക്കാതിരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) എല്ലാ ആശുപത്രികളിലും ഫീവർ ക്ലിനിക്കുകൾ ആരംഭിക്കുമോ;

(സി) ആശാ പ്രവർത്തകരുടെ സേവനം ഈ മേഖലകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ എലിപ്പനിമൂലമുള്ള മരണം</u>

3566 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പാലക്കാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ എലിപ്പനി ബാധിച്ച് എത്ര പേരാണ് ചികിത്സയ്ക്കായി എത്തിയത്;

(ബി) അതിൽ എത്ര പേർ മരണപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(സി) എലിപ്പനി തടയുന്നതിന് എന്തെല്ലാം നടപടികളാണ് ജില്ലയിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പകർച്ചപ്പനി പഠന റിപ്പോർട്ട്

3567 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്ന സ്ഥാപനം ആരോഗ്യവകുപ്പുമായി സഹകരിച്ച് ചിക്കൻഗുനിയ, ഡെങ്കിപ്പനി എന്നീ രോഗങ്ങളെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങളും റിപ്പോർട്ടിന്റെ ഒരു പകർപ്പും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സാംക്രമിക രോഗങ്ങൾക്ക് സാധ്യതയുള്ള ജില്ലകൾ</u>

3568 ശ്രീ.തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാൻ സാധ്യതയുള്ള ജില്ലകളെ കുറിച്ച് എന്തെങ്കിലും മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(സി) ശുദ്ധജലക്ഷാമവും പരിസരശുദ്ധിയുടെ അഭാവവും നേരിടുന്ന ജില്ലകൾക്കായി പ്രത്യേക ആരോഗ്യ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

എയ്ഡ്സ് രോഗികൾക്ക് പരിചരണവും ചികിത്സയും

3569 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് രോഗികൾക്ക് പരിചരണവും പിന്തുണയും ചികിത്സയും ലഭ്യമാക്കുന്നതിനുള്ള തുടർ പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി മൂലം സംസ്ഥാനത്തിന് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത് ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന വിധത്തിൽ ഇതു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ തീരദേശ നിവാസികളുടെ ആരോഗ്യസംരക്ഷണം

3570

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ തീരദേശ നിവാസികളുടെ ആരോഗ്യ സംരക്ഷണത്തിന് എത്ര പി.എച്ച്.സി., സി.എച്ച്.സി. കൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടങ്ങളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വേദനാസംഹാരികൾ മയക്കുമരുന്നായി ഉപയോഗിക്കുന്നതിനെതിരെ നടപടി</u>

3571

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് വൻതോതിൽ വേദനാസംഹാരികൾ കടത്തി മയക്കുമരുന്നായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി താമസിക്കുന്ന ഇടങ്ങളിലാണ് ഇത്തരം മരുന്നുകളുടെ വിപണനം നടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ മാസങ്ങളിൽ ഇത്തരം മരുന്നുകളുടെ ആയിരക്കണക്കിന് ആംപ്യൂളുകൾ പോലീസ് പിടിച്ചെടുത്തു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ദന്തരോഗ ചികിത്സാ രംഗത്തെ പിന്നോക്കാവസ്ഥ</u>

3572 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദന്തരോഗ ചികിത്സാ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ദന്തൽ ഹൈജീനിസ്റ്റുകളുടെ സേവനം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പുനക്രമപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

'ആയുഷ്' ചികിത്സാ പദ്ധതി

3573 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആയുഷ്' ചികിത്സാ പദ്ധതിയുടെ ഭരണച്ചുമതല ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലാക്കിയതിന്റെ കാരണം വിശദമാക്കുമോ ;

(ബി) കേന്ദ്ര ഗവൺമെന്റും ഇതര സംസ്ഥാനങ്ങളും ആരോഗ്യ കുടുംബക്ഷേമവും ആയുഷും വെവ്വേറെ വകുപ്പുകളായി അംഗീകരിച്ചിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഇത് രണ്ടും ഒരേ വകുപ്പിനു കീഴിലായതിനാൽ ആരോഗ്യസംരക്ഷണരംഗത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 'ആയുഷ്' വിഭാഗത്തെ സ്വതന്ത്രവകുപ്പായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജീവന്‍രക്ഷാ മരുന്നുവില നിയന്ത്രിക്കാന്‍ നടപടി</u>

3574 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജീവന്‍രക്ഷാ മരുന്നുകള്‍ക്ക് അമിത വില ഈടാക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ക്യാന്‍സറിനും മറ്റുമുളള മരുന്നുകള്‍ക്ക് ആര്‍.സി.സി. ഈടാക്കുന്ന വിലയേക്കാള്‍ പതിന്മടങ്ങ് വില മറ്റിടങ്ങളില്‍ നല്‍കേണ്ടി വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ജീവന്‍രക്ഷാ മരുന്നുകളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്താനും അവയുടെ വില ഏകീകരിക്കാനും നടപടി സ്വീകരിക്കുമോ;

(ഇ) മരുന്ന് ഉല്പാദക സ്ഥാപനങ്ങള്‍ നിരീക്ഷിക്കുവാനും ഗുണനിലവാരവും വിലയും സര്‍ക്കാര്‍ നിയന്ത്രണത്തില്‍ കൊണ്ടുവരാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സമഗ്ര ആരോഗ്യ പദ്ധതി</u>

3575 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുളള സമഗ്ര ആരോഗ്യപദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ആഗസ്റ്റിൽ ഇവർക്കായുളള കാർഡ് വിതരണം പൂർത്തിയാക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയോ; എങ്കിൽ എത്ര കാർഡ്, എത്ര കുടുംബങ്ങൾക്കായി വിതരണം ചെയ്തുവെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഔഷധി - മികവിന്റെ കേന്ദ്രം

3576 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഔഷധി' യെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് ; വിശദാംശം നൽകുമോ ;

(സി) മികച്ച ആയൂർവേദ ചികിത്സ ലഭ്യമാക്കാൻ ഔഷധി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മാ പരിശോധന</u>

3577

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും ഗുണമേന്മ പരിശോധിക്കുന്നത് നിർത്തലാക്കിക്കൊണ്ട് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിറക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നോ;

(സി) ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് പ്രസ്തുത ഉത്തരവ് ഇറക്കിയതെന്ന് വിശദമാക്കാമോ;

(ഡി) നിലവിലുള്ള ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ പരിശോധിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത നിയമം അപര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ നിലവിലുള്ള നിയമം പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പേപ്പട്ടിവിഷബാധക്കെതിരെയുള്ള മരുന്നുകളുടെ അപര്യാപ്തത</u>

3578 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ ഒന്നുമുതൽ തലസ്ഥാനത്ത് വിവിധ ആശുപത്രികളിലായി പട്ടികടിയേറ്റു ചികിത്സതേടിയെത്തിയവരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പട്ടികടിയേറ്റ് ചികിത്സതേടിയെത്തുന്നവർക്ക് സർക്കാർ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഫാർമസിസ്റ്റ് തസ്തിക

3579 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയൂർവ്വേദ ഫാർമസി കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഫാർമസിസ്റ്റ് തസ്തികയില്ലാതെ സംസ്ഥാനത്ത് സർക്കാർ ആയൂർവ്വേദ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ എത്ര ;

(സി) ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ മെഡിക്കൽ ലാബുകളുടെ പ്രവർത്തനം</u>

3580 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകാരമുളള എത്ര സ്വകാര്യമെഡിക്കൽ ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ഇവയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് നിയന്ത്രണമുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയെന്നു വ്യക്തമാക്കാമോ;

(ഡി) അശാസ്ത്രീയമായ പരിശോധനാഫലങ്ങൾ കാരണം രോഗികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്വകാര്യമെഡിക്കൽ ലാബുകളിലെ അശാസ്ത്രീയമായ പരിശോധന നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കാൻസർ രോഗനിർണ്ണയം യഥാസമയം നടത്താൻ സംവിധാനം</u>

3581

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗം വർദ്ധിച്ചുവരുന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാൻസർ മൂലം 2005 മുതൽ മരണമടഞ്ഞവർ എത്രയാണ്;

(ഡി) ഓരോ വർഷവും എത്ര ശതമാനം വർദ്ധനവാണ് ഉണ്ടാകുന്നത്;

(ഇ) കാൻസർ രോഗ ചികിത്സയ്ക്കും യഥാസമയം രോഗ നിർണ്ണയം നടത്തുന്നതിനുമായി എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>റീജ്യണല്‍ ക്യാന്‍സര്‍ സെന്ററിലെ സേവനങ്ങള്‍</u>

3582 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റീജ്യണല്‍ ക്യാന്‍സര്‍ സെന്റര്‍ എന്തെല്ലാം സാമൂഹ്യസേവനങ്ങളാണ് നടപ്പാക്കിവരുന്നത്;

(ബി) ഈ പദ്ധതികള്‍കൊണ്ട് ക്യാന്‍സര്‍ രോഗബാധിതരായവര്‍ക്ക് ലഭിക്കുന്ന സേവനങ്ങള്‍ എന്തെല്ലാമാണ്;

(സി) ക്യാന്‍സര്‍ രോഗചികിത്സ ബി.പി.എല്‍ കുടുംബാംഗങ്ങള്‍ക്ക് സൗജന്യമാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ശബരിമല തീർത്ഥാടകർക്ക് സമഗ്ര ആരോഗ്യ പദ്ധതി</u>

3583 ശ്രീ. പാലോട് രവി
,,എ. പി. അബ്ദുള്ളക്കുട്ടി
,,ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ആരോഗ്യ വിദഗ്ദരുടെ സേവനം ഇവിടെ ലഭ്യമാക്കുമോ;

(സി) ശബരിമലയിൽ സേവനം ചെയ്യുന്നതിന് താല്പര്യമുള്ള ആരോഗ്യവിദഗ്ദ്ധർക്ക് രജിസ്റ്റർ ചെയ്യുന്നതിനും തീർത്ഥാടന കാലത്ത് ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും ഓൺലൈനായി നൽകുന്നതിനും വെബ്സൈറ്റ് ആരംഭിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ</u>

3584 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രവണവൈകല്യമുളള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനുളള നടപടിക്രമങ്ങൾ പൂർത്തിയായോ;

(ബി) ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചു;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്; ടി കാലയളവിനുള്ളിൽ മൂന്ന് വയസ്സ് കഴിഞ്ഞു പോയ കുട്ടികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>യുനാനി ഡോക്ടർമാർക്ക് പുരസ്കാരം</u>

3585 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മികച്ച അലോപ്പതി ഡോക്ടർമാർക്ക് പുരസ്കാരം നൽകുന്നപോലെ യുനാനി ഡോക്ടർമാർക്കും പുരസ്കാരം നല്കാൻ നടപടി സ്വീകരിക്കുമോ;

(ബി) യുനാനി ഡിസ്പെൻസറികളിലെ ഡോക്ടർ മാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൂടുതൽ യുനാനി ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ആയുർവേദത്തെ മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമാക്കുന്ന പദ്ധതി

3586 ശ്രീ.ജോസ് തെറ്റയിൽ
,, മാത്യു റ്റി.തോമസ്
ശ്രീമിതി.ജമീലാ പ്രകാശം
ശ്രീ.സി.കെ.നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തനതു ചികിത്സാ രീതിയായ ആയുർവേദത്തെ സ്വദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകൾക്ക് ഗുണപ്രദമായ രീതിയിൽ മെഡിക്കൽ ടൂറിസവുമായി ബന്ധപ്പെടുത്തി വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

മെഡിക്കല്‍ ടൂറിസം

3587 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വിദേശ ടൂറിസ്റ്റുകള്‍ക്ക് മെഡിക്കല്‍ ടൂറിസം എന്ന നിലക്ക് ആയുര്‍വേദത്തെ വിപുലപ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ എപ്രകാരമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പുനരധിവാസ ധ്യാന കേന്ദ്രങ്ങള്‍

3588 ശ്രീ.മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ നിയന്ത്രണത്തിലല്ലാതെ മാനസികരോഗികളെ പാര്‍പ്പിക്കുന്ന ധ്യാനകേന്ദ്രങ്ങളും പുനരധിവാസ കേന്ദ്രങ്ങളും വിവിധ ഭാഗങ്ങളില്‍ പ്രവര്‍ത്തിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വ്യക്തികളും സംഘടനകളും നടത്തുന്ന അത്തരം സ്ഥാപനങ്ങളില്‍ യോഗ്യതയുള്ള ഡോക്ടര്‍മാരോ സൗകര്യങ്ങളോ ഇല്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രാകൃത ചികിത്സാ രീതികള്‍ പിന്‍തുടരുന്ന ഇത്തരം കേന്ദ്രങ്ങളില്‍ രോഗികള്‍ പീഢനത്തിനിരയാകുന്നുണ്ടെന്നുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) മനോരോഗികളെ താമസിപ്പിക്കുന്ന അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(എഫ്) എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസന ഫണ്ട്</u>

3589 ശ്രീ. ഹൈബി ഈഡൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ നൽകിയ തുക ചെലവഴിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് കേന്ദ്രസർക്കാർ നൽകിയത്; അതിൽ എത്ര രൂപ ചെലവഴിക്കാതെയുണ്ട്;

(സി) ഏതെല്ലാം ജില്ലാ ആശുപത്രികളിലാണ് മാനസിക രോഗികൾക്കു വേണ്ടിയുള്ള മുറികൾ മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത്;

(ഡി) മാനസിക രോഗമുള്ളവരെ തിരിച്ചറിയാൻ എന്തെങ്കിലും നടപടികൾ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരുകളോട് നിർദ്ദേശിച്ചിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ പൂർണ്ണരൂപം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

## പാരമ്പര്യ ചികിത്സാ രീതികൾ

3590 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദം, ഹോമിയോ, യുനാനി, സിദ്ധ തുടങ്ങിയ ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പകർച്ചവ്യാധികൾ വ്യാപകമാകുമ്പോൾ ഇത്തരം ചികിത്സ നൽകുന്ന ആശുപത്രികൾ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ലബോറട്ടറികളിലെ പരിശോധനാ ചാർജ്ജ്</u>

3591 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലേതുൾപ്പെടെയുള്ള ലബോറട്ടറികൾ, എക്സ്റേ യൂണിറ്റുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയ്ക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒരേ പരിശോധനയ്ക്ക് വ്യത്യസ്ത സ്ഥാപനങ്ങൾ വ്യത്യസ്ത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്ന പരിശോധനകൾക്ക് ഈടാക്കുന്ന ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ്

3592 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻജ്വരം, എലിപ്പനി, ഡങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ മരണസാധ്യതയുള്ള രോഗങ്ങൾ പിടിപെടുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപ്രകാരമുള്ളവരുടെ ചികിത്സാചെലവ് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മാങ്ങാട്ടുപറമ്പ് ഇ. കെ. നായനാർ ഗവൺമെന്റ് ആശുപത്രി</u>

3593

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാങ്ങാട്ടുപറമ്പ് ഇ. കെ. നായനാർ ഗവൺമെന്റ് ആശുപത്രി കെട്ടിടനിർമ്മാണത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നനുവദിച്ച 2.42 കോടി രൂപ ആശുപത്രിയുടെ അക്കൗണ്ടിൽ നിന്ന് എൻ.ആർ.എച്ച്.എം. പിൻവലിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുമൂലം ആശുപത്രിയുടെ നിർമ്മാണം നിർത്തിവച്ച് കരാറുകാർ പിന്മാറിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏത് സാഹചര്യത്തിലാണ് ഫണ്ട് പിൻവലിച്ചത്;

(ഡി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി അനുവദിച്ച ഫണ്ട് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

108 ആംബുലൻസ് പദ്ധതി

3594 ശ്രീ. ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാറിന്റെ കാലത്ത് എൻ.ആർ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി ആംബുലൻസ് വാങ്ങാനനുവദിച്ച ഫണ്ട് ലാപ്സായിട്ടുണ്ടോ ; എങ്കിൽ എത്ര രൂപ ; വിശദവിവരം നൽകാമോ ;

(ബി) 108 ആംബുലൻസ് പദ്ധതി പ്രകാരം പുതുതായി ആംബുലൻസ് വാങ്ങാനുള്ള സംസ്ഥാന സർക്കാർ പദ്ധതി എപ്പോഴെങ്കിലും കേന്ദ്ര സർക്കാർ തള്ളിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഏതെങ്കിലും ആംബുലൻസുകൾ ഉപയോഗിക്കാനാവാത്ത സ്ഥിതി നിലവിൽ ഉണ്ടോ ; മുൻപ് എപ്പോഴെങ്കിലും ഈ സ്ഥിതി ഉണ്ടായിട്ടുണ്ടോ ;

(ഡി) 108 ആംബുലൻസ് സർവ്വീസ് നടത്തുന്ന കമ്പനികളെ സംബന്ധിച്ച യോഗ്യതാ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; പ്രസ്തുത മാറ്റങ്ങൾ പദ്ധതിയുടെ ഗുണഫലങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അരൂക്കുറ്റി ആശുപത്രി നിർമ്മാണം</u>

3595 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂക്കുറ്റി ആശുപത്രിയിൽ എൻ.ആർ.എച്ച്.എം മുഖേന നിർമ്മിയ്ക്കുവാനുദ്ദേശിക്കുന്ന കെട്ടിടത്തിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; നിർമ്മാണ പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് ടെൻണ്ടർ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; നിർമ്മാണം എന്ന് തുടങ്ങാനാകുമെന്നും എന്ന് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കോട്ടയം മെഡിക്കൽ കോളേജ് ഐ.സി.യു.കളിലെ നേഴ്സുമാരുടെ സേവനം</u>

3596

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിലെ എല്ലാ വിഭാഗത്തിലുമുള്ള ഐ.സി.യു.കളിൽ മുഴുവൻ സമയവും നേഴ്സുമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) അടിയന്തിര ശ്രദ്ധ വേണ്ടിവരുന്ന കാർഡിയോളജി ഐ.സി.യു. കളിൽ എത്ര നേഴ്സുമാരെ വീതം ഡ്യൂട്ടിയ്ക്കു നിയോഗിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ അപര്യാപ്തതകൾ</u>

3597 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററിൽ ജനറേറ്റർ സൗകര്യം ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ജനറേറ്റർ സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ
പ്രിന്റർ നിയമനം

3598 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിന്റർ തസ്തികയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. യിൽ നിന്ന് അവസാനമായി അഡ്വൈസ് ചെയ്തിരുന്ന 2 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ രണ്ടു പേരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിയമന ഉത്തരവ് നൽകിയിട്ട് എത്ര മാസമായി: ജോലിയിൽ പ്രവേശിക്കുന്നതിന് നിയമാനുസൃതമായ എക്സ്റ്റൻഷൻ വാങ്ങിയിരുന്നോ; ഈ കാലയളവ് എന്നേക്ക് കഴിയും;

(ഡി) എക്സ്റ്റൻഷൻ വാങ്ങിയില്ലാ എങ്കിൽ എൻ.ജെ.ഡി. റിപ്പോർട്ട് പി.എസ്.സി. ക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) എൻ.ജെ.ഡി. വേക്കൻസി എന്നേക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ പുതിയ മെഡിക്കൽ കോളേജ്</u>

3599 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലക്കനുവദിച്ച മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) ഇവിടെ അടുത്ത അദ്ധ്യയന വർഷം മുതൽ മെഡിക്കൽ പ്രവേശനം സാദ്ധ്യമാകുമോ;

(സി) പ്രാരംഭ നടപടികൾക്കായി ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹൗസ് കീപ്പിംഗ് വിഭാഗത്തിലെ ജീവനക്കാർ</u>

3600 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹൗസ് കീപ്പിംഗ് വിഭാഗത്തിലുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ നിലനിൽക്കുന്നു ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; എങ്കിൽ നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവ് റദ്ദു ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഉത്തരവ് പുറപ്പെടുവിച്ചത് ആരാണ് ; പ്രസ്തുത നടപടി നിയമാനുസൃതമാണോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ നീലേശ്വരം താലൂക്കാശുപത്രി</u>

3601 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

108 ആംബുലൻസ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

3602 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ എത്ര 108 ആംബുലൻസുകൾ ഉണ്ട്;

(ബി) പ്രസ്തുത ആംബുലൻസുകളിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ എങ്ങനെയാണ്;

(സി) ജീവനക്കാരുടെ നിയമന സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 108 ആംബുലൻസിലെ വിവിധ തസ്തികകൾക്ക് നൽകുന്ന ശമ്പളം എത്രവീതമാണ്. ഇവർക്ക് ജോലി സ്ഥിരത നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) പ്രസ്തുത ജീവനക്കാർക്ക് മിനിമം ശമ്പളം നൽകുന്നില്ല എന്ന പരാതിയും പിരിച്ചുവിടൽ ഭീഷണിയും ഉണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആശുപത്രി വികസന സമിതികളുടെ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർ</u>

3603 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലും ആശുപത്രി വികസന സമിതികളുടെ കീഴിൽ വിവിധ കാറ്റഗറികളിലായി എത്ര ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പളവും സേവന വ്യവസ്ഥകളും വിശദമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് തൊഴിൽ നിയമപ്രകാരം എന്തെല്ലാം പരിരക്ഷ നൽകുന്നുണ്ട്; സ്ത്രീ ജീവനക്കാർക്ക് നിയമം അനുശാസിക്കുന്ന നിലയിൽ തൊഴിൽ ക്രമീകരണവും സംരക്ഷണവും നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എച്ച് ഡി. സി. വഴി സെയിൽസ്ഗേളായി ജോലി ചെയ്തിരുന്ന ജീവനക്കാരിയെ 28.02.2008ൽ ഓഫീസ് സൂപ്രണ്ട് ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചതിനെത്തുടർന്ന് 29.02.2008ൽ നല്കിക പരാതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ

(ഇ) പ്രസ്തുത ജീവനക്കാരിയെ അന്നത്തെ ആശുപത്രി സൂപ്രണ്ട് അകാരണമായി പിരിച്ചുവിട്ട നടപടിയെക്കുറിച്ച് അന്വേഷിക്കുമോ; പ്രസ്തുത ജീവനക്കാരിയെ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് സർജൻമാരുടെ നിയമനം</u>

3604 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് സർജൻമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാമമാത്രമായ നിയമനം നടത്തുകയും സംസ്ഥാനത്ത് ഡോക്ടർമാരുടെ അഭാവമുണ്ടെന്ന് പറയുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി; എത്ര പേർ കൂടി ബാക്കിയുണ്ട്; നിലവിൽ എത്ര ഒഴിവുകളുണ്ട്; വിശദവിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രിയിലെ വിവിധ ഒഴിവുകള്‍</u>

3605 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മെഡിക്കല്‍ കോളേജുകള്‍ ഉള്‍പ്പെടെ വിവിധ സര്‍ക്കാര്‍ ആശുപത്രികളിലായി താഴെപ്പറയുന്ന തസ്തികകളില്‍ എത്ര ഒഴിവുകള്‍ നിലവിലുണ്ട്;

(i) ഡോക്ടര്‍മാര്‍

(ii) നഴ്സ്

(iii) ഫാര്‍മസിസ്റ്റ്

(iv) ലാബ്ടെക്നീഷന്‍

(v) അറ്റന്റര്‍

(vi) X-Ray ടെക്നീഷ്യന്‍

(ബി) പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സിയ്ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ;

(സി) പി.എസ്.സിയില്‍ നിന്ന് അഡ്വൈസ് ലഭിക്കുന്നതിനു മുന്‍പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചില്‍ നിന്നും പ്രസ്തുത ഒഴിവുകള്‍ നികത്താന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ ഒഴിവുകൾ</u>

3606 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മെയ് മാസത്തിൽ സംസ്ഥാനത്തെ സർക്കാർ ഡോക്ടർമാരുടെ എണ്ണം എത്രയായിരുന്നു;

(ബി) 2006 മെയ് മാസത്തിനുശേഷം 2011 മാർച്ച് വരെ എത്ര പുതിയ തസ്തികകൾ അനുവദിച്ചു;

(സി) 2006 മെയ് മാസത്തിൽ എത്ര ഡോക്ടർമാർ വിവിധ ലീവുകളിൽ ആയിരുന്നു;

(ഡി) ലീവിനുശേഷം എത്ര ഡോക്ടർമാർ തിരികെ ജോയിൻ ചെയ്തു; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) 2011 മെയ് മാസത്തിൽ ഉണ്ടായിരുന്ന ഡോക്ടർമാരുടെ തസ്തിക എത്രയായിരുന്നു; ജോലി ചെയ്തിരുന്ന ഡോക്ടർമാരുടെ എണ്ണം എത്ര;

(എഫ്) 2011 മെയ് മാസത്തിൽ ലീവിലുണ്ടായിരുന്ന ഡോക്ടർമാരുടെ എണ്ണം എത്ര;

(ജി) 2011 സെപ്തംബർ 30-ാം തീയതി സർവ്വീസിലുള്ള ഡോക്ടർമാരുടെ എണ്ണം എത്ര; ലീവിലുള്ള ഡോക്ടർമാരുടെ എണ്ണം എത്ര; വിശദമാക്കുമോ;

(എച്ച്) 2011 സെപ്തംബർ 30-ാം തീയതി ജോലി ചെയ്തുവരുന്ന ഡോക്ടർമാരുടെ എണ്ണം എത്ര;

# കേരള നിയമസഭ

## 17.10.2011-ലെ മറുപടിക്ക്

(ഐ) 2011 സെപ്തംബർ മാസത്തിൽ എത്ര ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ ട്രാൻസ്ഫർ ചെയ്തു; വിശദാംശം ലഭ്യമാക്കാമോ;

(ജെ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം വിഭാഗം ഡോക്ടർമാരുടെ ഒഴിവുകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

3607 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചില പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഡോക്ടർമാരുടെ അഭാവം മൂലം പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ആയുർവേദ മെഡിക്കലാഫീസറുടെ തസ്തികകൾ

3608 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ ആവുർവേദ മെഡിക്കലാഫീസറുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

3609 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ജില്ലാ ആശുപത്രിയും ജനറൽ ആശുപത്രിയും ഉൾപ്പെട്ട എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും നിലവിലുള്ള ഒഴിവുകൾ നികത്താൻ സത്വര നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ</u>

3610 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിൽ കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ എത്ര ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ട് ;

(ബി) അവർ എല്ലാവരും ഈ ജില്ലകളിൽ തന്നെ ജോലി ചെയ്യുന്നുണ്ടോ ;

(സി) ജില്ലാ അടിസ്ഥാനത്തിൽ പ്രസ്തുത ജില്ലകളിലേയ്ക്ക് ടെസ്റ്റ് എഴുതി ഹെൽത്ത് ഇൻസ്പെക്ടർമാരായി ജോലി ലഭിച്ചശേഷം അന്യ ജില്ലകളിലും അന്യത്ര സേവന വ്യവസ്ഥയിലും ജോലി ചെയ്യുന്ന എത്ര ഹെൽത്ത് ഇൻസ്പെക്ടർമാർ ഉണ്ട് ;

(ഡി) പ്രസ്തുത ജില്ലകളിലെ ആരോഗ്യപരിപാലനത്തിനായി അവരുടെ സേവനം ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഒറ്റപ്പാലം മണ്ഡലത്തിലെ ആശുപത്രികളിലെ ജീവനക്കാരുടെ കുറവ്

3611

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ കാറ്റഗറികളിലായി എത്ര ഡോക്ടർമാരുടെ തസ്തികകൾ ആണ് നിലവിലുള്ളത്; കാറ്റഗറി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ സി.എച്ച്.സി. കളിലും പി.എച്ച്.സി. കളിലും ആവശ്യത്തിന് ഡോക്ടർ മാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും മറ്റ് സി.എച്ച്.സി. കളിലും പി.എച്ച്.സി. കളിലും ആവശ്യത്തിന് പാരാമെഡിക്കൽ സ്റ്റാഫും മറ്റും ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകൾ</u>

3612 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ തസ്തികകൾക്ക് ആനുപാതികമായി പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകൾ നിലവിലില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010-2011 ൽ പാരാമെഡിക്കൽ ജീവനക്കാരുടെ പുതിയതായി സൃഷ്ടിച്ച തസ്തികകൾ കാറ്റഗറി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകൾ കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ ഒഴിവുകൾ</u>

3613 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) സർക്കാർ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സമയബന്ധിതമായ പദ്ധതിയും നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഇ. സി. ജി. ടെക്നീഷ്യന്മാർ

3614 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഇ. സി. ജി. ടെക്നീഷ്യന്മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി. റിപ്പോർട്ടുചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

അങ്കമാലി താലൂക്ക് ആശുപത്രി സ്റ്റാഫിന്റെ കുറവ്

3615 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയായി ഉയർത്തിയ അങ്കമാലി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എന്തെല്ലാം നവീകരണപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്കായി എൻ.ആർ.എച്ച്.എം. അനുവദിച്ച തുക എത്രയെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ; പ്രവൃത്തി തുടങ്ങുന്നതിലെ കാലതാമസം വ്യക്തമാക്കാമോ;

(സി) മൂന്ന് ആർ.എഫ്.യു. ആശുപത്രികളിലൊന്നായ അങ്കമാലി സർക്കാർ ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗവും, ലേബർറൂമും, ഗൈനക്കോളജിസ്റ്റും ഉണ്ടെങ്കിലും ആവശ്യാനുസരണം നഴ്സിംഗ് സ്റ്റാഫ്, അറ്റൻഡർ ഗ്രേഡ് 2 തുടങ്ങിയവരുടെ നിയമനത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മതിയായ സ്റ്റാഫുകൾ ഇല്ലാത്തതിനാൽ ആശുപത്രിയിൽ എത്തുന്ന രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനു അടിയന്തിര നടപടികൾ സ്വീകരിക്കുമോ;എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ ജെ.പി.എച്ച്.എൻ. ഗ്രേഡ് -2 ഒഴിവുകൾ</u>

3616 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുമ്പ് എത്ര പേർക്ക് നിയമനം നല്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ തൃശ്ശൂർ ജില്ലയിലെ ആകെ എത്ര ജെ.പി.എച്ച്. എൻ. ഗ്രേഡ് -2 തസ്തിക ഉണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മെഡിക്കല്‍ എഡ്യൂക്കേഷന്‍ ഡിപ്പാര്‍ട്ടുമെന്റിലെ പ്രിന്റര്‍ ഗ്രേഡ് -2 തസ്തിക</u>

3617 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍ എഡ്യൂക്കേഷന്‍ ഡിപ്പാര്‍ട്ടുമെന്റില്‍ പ്രിന്റര്‍ ഗ്രേഡ് -2 തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമന ഉത്തരവ് അയച്ചിട്ട് 6 മാസം കഴിഞ്ഞിട്ടും ഉദ്യോഗാര്‍ത്ഥി ജോലിയില്‍ പ്രവേശിക്കാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ എന്‍.ജെ.ഡി. ആയി ഡി.എം.ഇ. യില്‍ നിന്നും പി.എസ്.സി. യെ അറിയിച്ചിട്ടുണ്ടോ;

(സി) ഇല്ല എങ്കില്‍ കാരണം വിശദമാക്കാമോ;

(ഡി) എങ്കില്‍ എന്‍.ജെ.ഡി. ഒഴിവ് പി.എസ്.സി. യെ ഉടനെ അറിയിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഹെൽത്ത് സൂപ്പർവൈസർ, എച്ച്.ഐ., ജെ.എച്ച്.ഐ. തസ്തികകൾ

3618 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ വിഭാഗങ്ങളിലായി എത്ര തസ്തികകൾ നിലവിലുണ്ട്; കാറ്റഗറി അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ഒഴിവുകൾ നികത്തുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനം നേരിടുന്ന ആരോഗ്യ-ശുചീകരണ പകർച്ചവ്യാധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നിലവിലുള്ള തസ്തികകൾ പര്യാപ്തമാണോ;

(ഡി) ജനസംഖ്യാനുപാതികമായി പ്രസ്തുത തസ്തികകൾ പുന:ക്രമീകരിക്കുവാനും പുതിയ തസ്തിക സൃഷ്ടിക്കുവാനും സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ബയോ കെമിസ്റ്റ് തസ്തിക</u>

3619 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ബയോ കെമിസ്റ്റ് തസ്തികകൾ ആണ് നിലവിലുള്ളത്; അവ എവിടെയെല്ലാം;

(ബി) താലൂക്ക് ആശുപത്രികളിൽ പ്രസ്തുത തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വിശദമാക്കുമോ;

(സി) ചെങ്ങന്നൂർ താലൂക്ക് ഹോസ്പിറ്റലിൽ ഈ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ മെഡിക്കൽ കോളേജ് കോഴ്സുകൾ/ ജീവനക്കാർ</u>

3620 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ്, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ ഏതെല്ലാം തസ്തികകളാണുള്ളത്; ഓരോ തസ്തികയുടേയും അനുവദനീയമായ എണ്ണം എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര എന്നീ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇവയിൽ പി.എസ്.സി വഴിയല്ലാതെ നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാം; അവയിലെ നിയമന രീതി വ്യക്തമാക്കുമോ; ഈ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; അവ നികത്തുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്; ഓരോ കോഴ്സിലും എത്ര സീറ്റുകളാണ് ഉള്ളത്; ഓരോ കോഴ്സിന്റേയും കാലയളവ് എത്ര എന്നിവ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ അനുവദനീയമായ തസ്തികകളിൽ നിലവിൽ എത്രപേർ ജോലിചെയ്യുന്നു, ഒഴിവുകൾ എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റും തസ്തികാനുവാദം നൽകിയ ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഫാര്‍മസിസ്റ്റുകള്‍ക്ക് ഗ്രേഡ് പ്രൊമോഷന്‍</u>

3621 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജി. ഒ. (ആര്‍. ടി.) നം. 3844/2010/എച്ച്. ആന്റ് എഫ്. ഡബ്ലിയൂ. ഡി. പ്രകാരം ഫാര്‍മസിസ്റ്റുകള്‍ക്ക് ഗ്രേഡ് പ്രൊമോഷന്‍ നടപ്പിലാക്കുകയും, പ്രസ്തുത തസ്തികയെ സ്റ്റേറ്റ് കേഡര്‍ ആക്കുകയും ചെയ്യുക എന്ന ഉത്തരവ് ഈ സര്‍ക്കാര്‍ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ നടപ്പാക്കാതിരിക്കാനുള്ള കാരണം എന്താണ്;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും ബഹു. ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ;

(ഡി) അതില്‍ ബഹു. ഹൈക്കോടതിയുടെ നിര്‍ദ്ദേശമെന്തായിരുന്നെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക</u>

3622

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വ്യവസ്ഥ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം ജനസംഖ്യാനുപാതികമായി എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) ഈ അനുപാതം പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് എന്തു തീരുമാനമെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ആരോഗ്യ പാക്കേജിൽ ഗ്രേഡ് - 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ആലപ്പുഴ ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകളുണ്ടെന്നും നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(എഫ്) ചെങ്ങന്നൂർ മണ്ഡലത്തിൽ നിലവിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

ആയുർവ്വേദ കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണം

3623 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണം നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പരിഷ്കരണം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ്

3624

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇനിയും എത്ര പേർക്ക് കൂടി നിയമനം ലഭിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; ഇവിടെ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിലെ ജീവനക്കാരുടെ കുറവ്

3625 ശ്രീ. ഹൈബി ഈഡൻ
,, കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ആശുപത്രികളാണ് അപ്ഗ്രേഡ് ചെയ്ത് ഉത്തരവായത്;

(ബി) പുതിയ ഗ്രേഡ് പ്രകാരം ആവശ്യമായ ജീവനക്കാർ പ്രസ്തുത ആശുപത്രികളിൽ ഉണ്ടായിരുന്നോ;

(സി) ഇല്ലെങ്കിൽ എത്ര ജീവനക്കാരുടെ കുറവാണ് ഉണ്ടായിരുന്നത് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആയുർവേദ കോളേജുകളിലെ ബിരുദ - ബിരുദാനന്തര പഠന സീറ്റുകൾ</u>

3626

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ കോളേജുകളിലെ ബിരുദ - ബിരുദാനന്തര പഠന സീറ്റുകൾ കേന്ദ്ര കൗൺസിൽ വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സീറ്റുകൾ വെട്ടിക്കുറയ്ക്കുവാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കേന്ദ്ര കൗൺസിൽ വെട്ടിക്കുറച്ച മുഴുവൻ സീറ്റുകളും പുന:സ്ഥാപിച്ചു കിട്ടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയുടെ രോഗ ചികിത്സ

3627 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് അപൂർവ്വ രോഗമാണെന്നത് ആരോഗ്യവകുപ്പോ, സർക്കാരോ അംഗീകരിച്ചിട്ടുണ്ടോ;;

(ബി) എങ്കിൽ രോഗനിർണ്ണയം നടത്തി രോഗം സ്ഥിരീകരിച്ച ഡോക്ടർമാർ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇപ്പോൾ നടക്കുന്ന ചികിത്സയുൾപ്പെടെ ഇതുവരെയുള്ള ചികിത്സാ രേഖകൾ മേശപ്പുറത്തുവയ്ക്കുമോ;

(ഡി) പ്രസ്തുത രോഗത്തിന് സർക്കാർ ആശുപത്രികളിൽ നിലവിൽ ചികിത്സ ലഭ്യമാണോ;

(ഇ) എങ്കിൽ ഈ കാലയളവിൽ എത്ര രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

പോലീസ് സർജന്മാരുടെ കുറവ്

3628 ശ്രീ. എം.എ. ബേബി
'' എ. പ്രദീപ്കുമാർ
'' എ.എം. ആരിഫ്
'' ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സർജന്മാരുടെ കുറവുമൂലം പൊസ്റ്റുമാർട്ടം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാനായി എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലും പോസ്റ്റുമാർട്ടം സൗകര്യമുള്ള മോർച്ചറി നിർമ്മിക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) സംസ്ഥാനത്തെ മോർച്ചറികളെ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വണ്ടാനം മെഡിക്കൽ കോളേജിലെ സേവനങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>

3629 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, വണ്ടാനം മെഡിക്കൽ കോളേജിൽ രാത്രികാലങ്ങളിൽ പ്രധാന ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) അത്യാസന്ന നിലയിൽ കഴിയുന്ന രോഗികളുടെ സമീപം പോയി എക്സ്റേ, ഇ.സി.ജി. സ്കാനിംഗ് എന്നിവ എടുക്കുന്നതിനുള്ള സംവിധാനം വണ്ടാനം മെഡിക്കൽ കോളേജിൽ നിലവിലുണ്ടോ;

(സി) റോഡപകടങ്ങളിൽപ്പെടുന്ന രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

കോട്ടയം മെഡിക്കൽ കോളേജിൽ
ചികിത്സാ പിഴവുമൂലമുള്ള മരണം

3630

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിൽ അന്യസംസ്ഥാന തൊഴിലാളി മരണമടഞ്ഞത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഇടുക്കി ജില്ലാ ആശുപത്രിയിലെ മലിനജല നിർമ്മാർജ്ജന സംവിധാനങ്ങളുടെ ശോച്യാവസ്ഥ</u>

3631 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ ആശുപത്രിയിൽ, പൈപ്പ്പൊട്ടി മലിനജലം പരിസരങ്ങളിലും സമീപത്തെ കുടിവെള്ള സ്രോതസ്സുകളിലും കലരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പരിസരം ശുചിയായി സൂക്ഷിക്കുന്നതിനും പൊട്ടി ഒലിക്കുന്ന പൈപ്പുകൾ മാറ്റി പുതിയവ അടിയന്തിരമായി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ജില്ലാ - താലൂക്കാശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

3632 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ജില്ലാ - താലൂക്ക് നിലവാരങ്ങളിലേക്ക് ഉയർത്തിയ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളുടെ നിലവാരമുയർത്തിയതനുസരിച്ച് ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അതിനുളള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെന്ന് കരുതപ്പെട്ടിരുന്ന പകർച്ചവ്യാധികൾ പലതും തിരിച്ചുവരുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഇടുക്കി ജില്ലയിലെ ആശുപത്രികളിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം</u>

3633 ശ്രീമതി.ഇ.എസ്.ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്റ്റ് മെന്റൽ ഹെൽത്ത് പ്രോജക്ട് നിലവിലുള്ള ഇടുക്കി ജില്ലയിൽ കഴിഞ്ഞ ആറുമാസമായി സൈക്ക്യാട്രിസ്റ്റിന്റെ സേവനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ ആശുപത്രിയിൽ രോഗികളെ കിടത്തിചികിത്സിക്കുന്നതിന് കൂടുതൽ കിടക്കകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സൈക്യാട്രി ഡോക്ടറുടെ അഭാവത്തിൽ 4500 ഓളം മാനസിക രോഗികൾക്ക് 16 പി.എച്ച്.സി.വഴി ലഭ്യമായിരുന്ന മരുന്നുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

(ഇ) ജില്ലയിലെ മുഴുവൻ പി.എച്ച്.സി.കളിലും 4 താലൂക്ക് ആശുപത്രികളിലും സൈക്ക്യാട്രിസ്റ്റുകളുടെ സേവനവും മരുന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇടുക്കി ജില്ലയിലെ ഡോക്ടർമാരെ മെന്റൽ ഹെൽത്ത് ട്രെയിനിംഗ് ലഭിക്കുന്നതിനായി കോട്ടയം നോഡൽ ഓഫീസിലേക്ക് അയയ്ക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കണ്ണൂർ ജില്ലാ സ്റ്റോർ</u>

3634 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കണ്ണൂർ ജില്ലാ സ്റ്റോർ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ ;

(ബി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ ;എങ്കിൽ എന്നാണ് പണി ആരംഭിക്കേണ്ടതെന്നും പൂർത്തികരിക്കേണ്ടതെന്നും അറിയിക്കാമോ ;

(സി) കോമ്പൗണ്ട് വോൾ നിർമ്മാണംപൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) ഇവിടെ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർ ; വിശദാംശം അറിയിക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പുലയനാർകോട്ട നെഞ്ചുരോഗാശുപത്രി</u>

3635 ശ്രീ. പി.കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുലയനാർകോട്ട നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; രോഗികൾക്ക് മതിയായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആശുപത്രി നിലനില്ക്കുന്ന ഭൂമി ആരെങ്കിലും കയ്യേറിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആശുപത്രിയുടെ കൈവശമുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനും കയ്യേറ്റം ചെയ്യപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ മെഡിക്കൽകോളേജിന്റെ വികസന പ്രവർത്തനം</u>

3636 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൃശ്ശൂർ മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജിൽ അടിസ്ഥാന വികസനത്തിന്റെ ഭാഗമായി ആശുപത്രി ബ്ലോക്ക് പണിയുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിൽ മെഡിക്കൽ കോളേജ് വികസന പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ; അവ ഏതൊക്കെ പ്രവൃത്തികൾക്കാണ് എന്ന് തരംതിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലത്ത് ഹോളിസ്റ്റിക് ഹോസ്പിറ്റൽ</u>

3637 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഒരു ഹോളിസ്റ്റിക് ഹോസ്പിറ്റൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച പ്രപ്പോസൽ നിലവിലുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി പ്രോജക്ട് സമർപ്പിച്ചോ; തുടർ നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ചേര്‍ത്തല താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രി</u>

3638 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രി ദേശീയ നിലവാരത്തിലേയ്ക്ക് ഉയര്‍ത്തുന്നതിനുള്ള നടപടികള്‍ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഇതു സംബന്ധിച്ച പ്രഖ്യാപനം വൈകുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രി ദേശീയ നിലവാരത്തിലേയ്ക്ക് ഉയര്‍ത്തിക്കൊണ്ടുള്ള പ്രഖ്യാപനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ</u>

3639 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയ മെഡിക്കൽ കോളേജ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ മുൻ മെഡിക്കൽ കോളേജിലെ സംവിധാനങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രിയെ മെഡിക്കൽ കോളേജിന്റെ പൂർണ്ണ സൗകര്യങ്ങളോടുകൂടിയ ഒരു ജില്ലാ ആശുപത്രിയായി മാറ്റുന്ന രീതിയിൽ പദ്ധതി തയ്യാറാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പൊന്നാനി താലൂക്കാശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് സെന്റർ

3640 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കാശുപത്രിയിൽ അനുവദിച്ച ബ്ലഡ് സ്റ്റോറേജ് സെന്റർ പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

താലൂക്കാശുപത്രികളിൽ ബ്ലഡ് സ്റ്റോറേജ്
യൂണിറ്റുകളും ലബോറട്ടറികളും

3641 ശ്രീ. സി.എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് സ്റ്റോറേജ് യൂണിറ്റുകളും ലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ടോ;

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ ജീവനക്കാർക്കുള്ള കോമ്പൻസേഷൻ ലീവ്</u>

3642 ശ്രീ.ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജോലി സമയം 9 മണിമുതൽ 1 മണിവരെയും 2 മണിമുതൽ 4 മണിവരെയും ആയി വർദ്ധിപ്പിച്ച ഉത്തരവ് ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലും നടപ്പാക്കിയിട്ടുണ്ടോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് അവധി ദിവസങ്ങളിൽ ജോലി ചെയ്താൽ ലഭിക്കുന്ന കോമ്പൻസേഷൻ അവധി നഴ്സുമാർക്കും ആശുപത്രിയിലെ ഇതര ജീവനക്കാർക്കും 45 ദിവസമായി ഉയർത്തുകയും പാരാമെഡിക്കൽ ജീവനക്കാർക്ക് 22 ദിവസമായി ചുരുക്കുകയും ചെയ്ത ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ അവധി പാരാമെഡിക്കൽ ജീവനക്കാർക്കുകൂടി 45 ദിവസമാക്കി അനുവദിക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇ.എഫ്2-93554/2010 എന്ന കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ദിവസക്കൂലിയിൽ വർദ്ധനവ്</u>

3643 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ആയുർവേദ, ഹോമിയോ ഫാർമസിസ്റ്റുകളുടെ ശമ്പളം 2002 നു ശേഷം പുതുക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതര വകുപ്പുകളിലെ ദിവസവേതന തൊഴിലാളികൾക്ക് കൂലി വർദ്ധനവ് ലഭിച്ചതുപോലെ ഈ വിഭാഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആശുപത്രികളിലെ ദിവസ വേതനക്കാരുടെ വേതനം</u>

3644 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ, ഹോമിയോ, അലോപ്പതി ആശുപത്രികളിലെ ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ്, നേഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് എത്ര രൂപ വീതമാണ് വേതനം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ ദിവസ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രികളിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ക്ലീനർ, കുക്ക് വിഭാഗത്തിലെ ദിവസ വേതനക്കാർക്ക് വേതനം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കാമോ ; ഇവരുടെ ദിവസ വേതനം പുതുക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ദിവസ വേതനം പുതുക്കാത്ത ജീവനക്കാരുടെ വേതനം പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ആയുർവേദ അറ്റൻഡർമാരുടെ ദിവസ വേതനം</u>

3645

ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ ഡിസ്പെൻസറികളിൽ അറ്റൻഡർ തസ്തികയിൽ ദിവസ വേതനത്തിൽ ജോലി നോക്കുന്നവരുടെ വേതനം ഇപ്പോഴും 125/- രൂപ ആണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2.5.2011 ലെ സർക്കാർ ഉത്തരവ് പ്രകാരം ക്ലാസ് കഢ ജീവനക്കാർക്ക് ദിവസ വേതനം 300 രൂപയും ക്ലാസ് കകക ജീവനക്കാർക്ക് 350 രൂപയും ആണെന്നിരിക്കെ ആയുർവേദ ഡിസ്പെൻസറിയിൽ ജോലി നോക്കുന്ന ദിവസ വേതനക്കാർക്ക് പുതുക്കിയ നിരക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതുക്കിയ സർക്കാർ ഉത്തരവിൽ അറ്റൻഡർ തസ്തിക കൂടി ഉൾപ്പെടുത്തി വേതനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ ജീവനക്കാരുടെ ജോലി സമയം</u>

3646 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ശമ്പള വർദ്ധനയില്ലാതെ പാരാമെഡിക്കൽ ജീവനക്കാരുടെ ജോലി സമയം, വർദ്ധിപ്പിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജോലി സമയത്തിലുള്ള വർദ്ധനവ് പിൻവലിക്കുമോ; ഇല്ലെങ്കിൽ ശമ്പള വർദ്ധനവ് നടപ്പാക്കുമോ;

(ബി) ആർ.എസ്.ബി.വൈ. വഴി സർക്കാർ ആശുപത്രികളിൽ ജീവനക്കാർക്ക് വിതരണം ചെയ്യുന്ന ഇൻസന്റീവിൽ നിന്ന് ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ, സ്റ്റോർ സൂപ്രണ്ട് എന്നിവരെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ ഏതെങ്കിലും സംഘടനകളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; എന്ത് നടപടി സ്വീകരിച്ചു ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വൈക്കം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ' പദ്ധതി</u>

3647 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ' പരിപാടി ആരംഭിച്ചിട്ടുണ്ട്;

(ബി) ഏതെങ്കിലും പഞ്ചായത്തിൽ ഈ പദ്ധതി തുടങ്ങാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പെയിൻ ആന്റ് പാലിയേറ്റീവ് കെയർ തുടങ്ങിയതിനുശേഷം ഏതെങ്കിലും പഞ്ചായത്തിൽ ഇതിന്റെ പ്രവർത്തനം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും അതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഇടുക്കി - കാമാക്ഷി പ്രാഥമികാരോഗ്യ കേന്ദ്രം

3648 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി മണ്ഡലത്തിലെ കാമാക്ഷി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ജീവനക്കാരുടെ കുറവ് ഏതെല്ലാം തസ്തികകളിലുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പി.എച്ച്.സി. യിൽ എന്നാണ് ഐ.പി. വിഭാഗം ഉൾപ്പെടുത്തി ഉത്തരവായത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേന്ദ്രത്തിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ</u>

3649 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവം മൂലം ഉണ്ടാകുന്ന വിഷമതകൾ പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ ഏതൊക്കെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ആശുപത്രിയിൽ നിന്ന് എത്ര ഡോക്ടർമാർ സ്ഥലംമാറി പോയിട്ടുണ്ട്; പകരം എത്ര പേരെ നിയമിച്ചിട്ടുണ്ട്; അവരുടെ പേരുവിവരം ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആശുപത്രിയിൽ നിന്ന് എത്രപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ട് എന്നും അവർ ആരൊക്കെയെന്നും എവിടെയൊക്കെ എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കല്ലറ സർക്കാർ ആശുപത്രി</u>

3650 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലറ സർക്കാർ ആശുപത്രി സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പി.എച്ച്.സി. - സി.എച്ച്.സി. കളിൽ സ്റ്റാഫ് പാറ്റേൺ എങ്ങനെയാണ്; ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രി പ്രവർത്തിക്കുന്ന പ്രധാന കെട്ടിടത്തിന് എത്ര വർഷം പഴക്കമുണ്ട്; അത് പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ധര്‍മ്മടം മണ്ഡലത്തിലെ സി.എച്ച്.സി/പി.എച്ച്.സികളിലെ ഒഴിവുകള്‍</u>

3651 ശ്രീ.കെ.കെ.നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം മണ്ഡലത്തിലെ സി.എച്ച്.സി.കളിലും പി.എച്ച്.സി.കളിലുമായി ഡോക്ടര്‍മാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകള്‍ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അത് എവിടെയെല്ലാമാണെന്നും ഏതെല്ലാം തസ്തികകളിലാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സിലെ 'ഹെൽത്ത് ക്ലിനിക്'

3652 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സിൽ 'ഹെൽത്ത് ക്ലിനിക്' എന്നാണ് ആരംഭിച്ചത് ; ജി.ഒ.യുടെ കോപ്പി ലഭ്യമാക്കാമോ ;

(ബി) നിലവിൽ ഹെർത്ത് ക്ലിനിക് അടച്ചു പൂട്ടിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പതിനായിരക്കണക്കിന് രൂപ വിലവരുന്ന മരുന്നുകൾ അടച്ചു പൂട്ടിയ ക്ലിനിക്കിനകത്ത് സ്റ്റോക്ക് ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ക്ലിനിക് അടച്ചു പൂട്ടിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) പൂജപ്പുര ഗവൺമെന്റ് ക്വോർട്ടേഴ്സിലെ ഹെൽത്ത് ക്ലിനിക് അടിയന്തിരമായി പുനരാരംഭിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ ഹെൽത്ത് യൂണിറ്റിന്റെ ശോച്യാവസ്ഥ</u>

3653 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഹെൽത്ത് യൂണിറ്റിന്റെ ഇപ്പോഴത്തെ കെട്ടിടം ശോച്യാവസ്ഥയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമരാമത്ത് കെട്ടിടവിഭാഗം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

**മാവേലിക്കര ചുനക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ**

3654 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ചുനക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

നാദാപുരം മണ്ഡലത്തിൽ ജനനി ശിശു സുരക്ഷ യോജന പ്രകാരമുള്ള സഹായം

3655

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ജനനി ശിശു സുരക്ഷാ യോജനയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) നാദാപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ എത്ര പേർക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി ആരോഗ്യ കേന്ദ്രങ്ങളിലെ അപര്യാപ്തതകൾ</u>

3656 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിലെ മാറഞ്ചേരി സി.എച്ച്.സി., മറ്റു പി.എച്ച്.സി.കൾ എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ കുറവുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡോക്ടർമാരുടെ ഒഴിവു നികത്താനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ;

(സി) നിയമനം എന്ന് നടത്താനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പറമ്പിക്കുളം പി.എച്ച്.സി യിൽ ആംബുലൻസ് സൗകര്യം</u>

3657 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ ആദിവാസി ജനവിഭാഗങ്ങൾ ചികിത്സക്കായി പാലക്കാട്, തൃശ്ശൂർ, പൊള്ളാച്ചി എന്നീ സ്ഥലങ്ങളിലുള്ള ആശുപത്രികളെയാണ് ആശ്രയിക്കുന്നതെന്നും അടിയന്തിര സന്ദർഭങ്ങളിൽ വനം വകുപ്പിന്റെ വാഹനങ്ങളാണ് ഇവരുടെ സഹായത്തിനായി എത്തുന്നത് എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് പറമ്പിക്കുളം പി.എച്ച്.സി യിൽ ഒരു ആംബുലൻസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കടമ്പഴിപ്പുറം, പൂക്കോട്ടുകാവ് പി.എച്ച്.സി.കളുടെ ശോച്യാവസ്ഥ</u>

3658 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടമ്പഴിപ്പുറം, പൂക്കോട്ടുകാവ് പി.എച്ച്.സി.കളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ - ചെറുവണ്ണൂർ സി.എച്ച്.സി.യുടെ ശോച്യാവസ്ഥ</u>

3659 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി-മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>

3660 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(സി) പ്രസ്തുത സി.എച്ച്.സി. യിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സി.എച്ച്.സി. ക്ക് അനുവദിച്ചിട്ടുള്ള 18 കിടക്കകൾ അപര്യാപ്തമാണെന്നതിനാൽ 40 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് അനുമതി നൽകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മങ്ങാട്ടുപറമ്പ് നഴ്സിംഗ് കോളേജ്</u>

3661 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്ങാട്ടുപറമ്പ് ഇ.കെ. നയനാർ സ്മാരക ഗവ: സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ അടുത്തായി അനുവദിച്ച നഴ്സിംഗ് കോളജിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) നഴ്സിംഗ് കോളജിന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കും;

(സി) കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണ്; കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) നിലവിൽ ക്ലാസ്സുകൾ എവിടെവച്ചാണ് നടത്തുന്നത്?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ചേർത്തല അർത്തുങ്കൽ പി.എച്ച്. സെന്റർ</u>

3662 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല അർത്തുങ്കൽ പി.എച്ച്. സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) മുഹമ്മ, വെട്ടയ്ക്കൽ ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവമുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പകർച്ചപ്പനിയും മറ്റ് പകർച്ചവ്യാധികളും പടരുന്ന സാഹചര്യത്തിൽ അടിയന്തിരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഡ്രഗ്സ് കണ്‍ട്രോള്‍ ഉപദേശക സമിതികള്‍

3663 ശ്രീ. എ. എ. അസീസ്
'' കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കണ്‍ട്രോള്‍ രംഗത്ത് ഉപദേശക സമിതികള്‍ നിലവിലുണ്ടോ ;

(ബി) എങ്കില്‍ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള സമിതികളുടെ ഘടന വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമിതികളുടെ പ്രവര്‍ത്തനവും അധികാരങ്ങളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മരുന്നുകൾ സൂക്ഷിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ</u>

3664 ശ്രീ. വി. ഡി. സതീശൻ
,, ടി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ മരുന്നുകൾ സൂക്ഷിക്കുന്നത് ഫാർമസി കൗൺസിലിന്റെ നിയമങ്ങൾക്ക് അനുസൃതമായിട്ടാണോ;

(ബി) മരുന്നുകൾ സൂക്ഷിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ ആശുപത്രികളിൽ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഹോംകോ - സർക്കാർ ഫണ്ട് ദുർവിനിയോഗം</u>

3665 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ ഹോമിയോ മരുന്നുകളുടെ നിർമ്മാണശാലയായ 'ഹോംകോ' സർക്കാർ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'ഹോംകോ' മരുന്നുകളുടെ വിലനിലവാരം അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണെന്നും ഏത് ഉത്തരവ് പ്രകാരമാണെന്നും വിശദമാക്കുമോ;

(സി) ഹോമിയോപ്പതി ഡയറക്ടറുടെ ഒപ്പും സീലും വ്യാജമായി സൃഷ്ടിച്ച് വില പുതുക്കി നിശ്ചയിച്ച് പഞ്ചായത്തുകളിൽ നിന്നും സർക്കാർ ആശുപത്രികളിൽ നിന്നും 'ഹോംകോ' അധികവില ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ അന്വേഷണം നടക്കുന്നുണ്ടോ;

(ഇ) എങ്കിൽ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇതിനെതിരെ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കൃത്രിമ രേഖകൾ ചമച്ച് അന്യായമായ ലാഭം ഉണ്ടാക്കി സർക്കാർ പണം ദുർവിനിയോഗം ചെയ്ത 'ഹോംകോ' മാനേജിംഗ് ഡയറക്ടറുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ഹോം കോ യുടെ പുതിയ ഫാക്ടറി

3666 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാതിരപ്പള്ളിയിലെ ഹോമിയോ മരുന്ന് നിർമ്മാണ ഫാക്ടറിയായ ഹോം കോ യുടെ പുതിയ ഫാക്ടറിയുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സമുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെയെന്നു വ്യക്തമാക്കുമോ ;

(സി) ഈ ഫാക്ടറിക്ക് ആവശ്യമായ സ്ഥലം ലഭ്യമാണോ ;

(ഡി) ഇല്ലെങ്കിൽ ഇതോടു ചേർന്നു കിടക്കുന്ന പുറംപോക്ക് ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>എയ്ഡഡ് ഹോമിയോ കോളേജുകളിലെ അനദ്ധ്യാപക ജീവന ക്കാർക്ക് ഗ്രേഡ് പ്രമോഷൻ</u>

3667 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹോമിയോ കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് ഗ്രേഡ് പ്രമോഷൻ നൽകുന്നതിന് നിയമപരമായി തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ആയത് പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) കുറിച്ചി ഹോമിയോ കോളേജിലെ അനദ്ധ്യാപക ജീവനക്കാർക്ക് ഗ്രേഡ് പ്രമോഷൻ നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) ഗ്രേഡ് പ്രമോഷൻ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

കയർ മേഖലയിലെ പ്രതിസന്ധി

3668

ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ അനാരോഗ്യകരമായ പ്രവണതകൾ കടന്നുവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) കയറ്റുമതിക്കാർ കയറുല്പന്നങ്ങൾ ഇടനിലക്കാരിൽ നിന്നും വാങ്ങാതെ തൊഴിലാളികളിൽ നിന്നും നേരിട്ടു വാങ്ങുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) കയർ മേഖല കൈവരിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഒരു പങ്ക് കയർ തൊഴിലാളികൾക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കയര്‍ കയറ്റുമതി</u>

3669 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2010-11 സാമ്പത്തിക വര്‍ഷം എത്ര കോടി രൂപയുടെ കയറുല്പന്നങ്ങള്‍ കയറ്റി അയച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കയറുല്പന്നങ്ങളുടെ കയറ്റുമതി വര്‍ദ്ധിപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) കയറ്റുമതി ചെയ്യാനാകാതെ കയറുല്പന്നങ്ങള്‍ കെട്ടിക്കിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) കയര്‍ വ്യവസായം ലാഭത്തിലാണോ പ്രവര്‍ത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കില്‍ കഴിഞ്ഞ സാമ്പത്തിക വര്‍ഷം എത്ര കോടി രൂപയുടെ ലാഭം നേടാനായി എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കയറുല്പന്നങ്ങളുടെ മിനിമം എക്സ്പോർട്ട് പ്രൈസ്</u>

3670 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയറുല്പന്നങ്ങളുടെ കയറ്റുമതിക്കുവേണ്ടി മിനിമം എക്സ്പോർട്ട് പ്രൈസ് അവസാനമായി നിശ്ചയിച്ചതെന്നാണ്;

(ബി) മിനിമം എക്സ്പോർട്ട് പ്രൈസ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(സി) കയർ വ്യവസായത്തിന് ഇത് എപ്രകാരം ബാധകമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കയര്‍ തൊഴിലാളികള്‍ക്ക് പെന്‍ഷന്‍</u>

3671 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കയര്‍ തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി ഇപ്പോള്‍ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; 2011-12 വര്‍ഷത്തില്‍ കയര്‍ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികള്‍ ഏതെല്ലാമാണ്;

(ബി) കയര്‍ തൊഴിലാളികളുടെ തൊഴില്‍ ദിനങ്ങളില്‍ ഗണ്യമായ കുറവ് വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; തൊഴിലില്ലാതെ വരുന്ന സമയങ്ങളില്‍ തൊഴിലുറപ്പ് പദ്ധതി വഴി ഇവര്‍ക്ക് തൊഴില്‍ ലഭ്യമാക്കാന്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ആറ്റിങ്ങല്‍ മണ്ഡലത്തില്‍ എത്ര കയര്‍ സഹകരണ സംഘങ്ങള്‍ നിലവിലുണ്ട്; ഇതിന്റെ പേരുകള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കയറിന്റെ തരംതിരിവ്</u>

3672 ശ്രീ.കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കയറിനങ്ങളെ അതിന്റെ ഉപയോഗത്തിന്റെ അടിസ്ഥാനത്തില്‍ 'സ്റ്റാന്‍ഡര്‍ഡൈസ്' ചെയ്തിട്ടുണ്ടോ ;

(ബി) കയറിന്റെ തരംതിരിവിന് ആനുപാതികമായി വില നിര്‍ണ്ണയിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കില്‍ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ബേപ്പൂരിലെ കേൾഡ് കയർ യൂണിറ്റ്

3673 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ കേൾഡ് (curled) കയർ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?